# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ജനമൈത്രി എക്സൈസ്

1972 ശ്രീ. ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി എക്സൈസ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കാമോ;

(സി) വ്യാജമദ്യം തടയുവാനും മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുവാനും എന്തൊക്കെ കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ആരുടെ നേതൃത്വത്തിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**22.01.2014-ലെ മറുപടിക്ക്**

എക്സൈസ് സേനയ്ക്ക് പരിശീലനം

1973 ശ്രീ. വി. പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് സേനയ്ക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിലുള്ള എക്സൈസ് നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ഇൻസർവ്വീസ് പരിശീലനം നൽകുന്നുണ്ടോ ;

(സി) എക്സൈസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) എക്സൈസ് സേനയുടെ കൃത്യനിർവ്വഹണം നിരീക്ഷിക്കുവാൻ ഉന്നതതല സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

**കേരള നിയമസഭ**
**22.01.2014-ലെ മറുപടിക്ക്**

<u>സമഗ്രമദ്യനയം</u>

1974 ശ്രീ. വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്രമദ്യനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുതനയത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് മദ്യവർജ്ജനം നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

മദ്യത്തിന്റെ ഉപഭോഗം

1975 ശ്രീ. പി. എ. മാധവൻ
'' എ. റ്റി. ജോർജ്
'' ഐ. സി. ബാലകൃഷ്ണൻ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

പുതിയ മദ്യഷോപ്പുകള്‍ തുടങ്ങുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകള്‍

1976 ശ്രീ. പാലോട് രവി
,, അന്‍വര്‍ സാദത്ത്
,, വി. പി. സജീന്ദ്രന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതിയ മദ്യഷോപ്പുകള്‍ തുടങ്ങുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകള്‍ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം എന്തെല്ലാം മാറ്റങ്ങള്‍ വരുത്തുകയുണ്ടായി; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് കൈമാറിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ബിവറേജസ് കോർപ്പറേഷന്റെ പുതിയ വിൽപ്പനശാലകൾ</u>

1977 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ പുതിയ വിൽപ്പനശാലകൾ തുടങ്ങുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ പുതിയ വിൽപ്പനശാലകൾ തുടങ്ങിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് ഈ നയം എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത് ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ലഹരി മരുന്നുകളുടെ വ്യാപനം തടയൽ

1978 ശ്രീ. സി. മമ്മൂട്ടി
,, കെ. എം. ഷാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലഹരി മരുന്നുകളുടെ വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യശുശ്രൂഷയ്ക്ക് അനിവാര്യമായ ചില മരുന്നുകൾ മയക്കുമരുന്നു മാഫിയ ദുരുപയോഗം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ലഹരി മരുന്നു വ്യാപനം തടയാനും, അതിനു പിന്നിൽ പ്രവർത്തിക്കുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനും പര്യാപ്തമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**22.01.2014-ലെ മറുപടിക്ക്**

<u>മദ്യപാനത്തിനെതിരെ ബോധവല്‍ക്കരണം</u>

1979 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യപാനത്തിനെതിരെയുള്ള ബോധവല്‍ക്കരണത്തിനായി വകുപ്പുതലത്തില്‍ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നറിയിക്കുമോ;

(ബി) ആയതിനുവേണ്ടി ഈ സര്‍ക്കാരിന്റെ കാലത്ത് എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് സാമ്പത്തിക വാര്‍ഷികക്രമത്തില്‍ ഇനംതിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം</u>

1980 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത ലഹരിപദാർത്ഥങ്ങളുടെ നിർമ്മാണം, കടത്ത്, വിപണനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് പരാതികളും രഹസ്യ വിവരങ്ങളും ഫോൺകോൾ വഴി രഹസ്യമായി സ്വീകരിക്കുന്ന സംവിധാനം എല്ലാ ജില്ലകളിലും എക്സൈസ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്;

(സി) ഓരോ ജില്ലയിലും ഈ സംവിധാനം വഴി എത്ര പരാതികൾ ലഭിച്ചു;

(ഡി) പ്രസ്തുത പരാതികളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിൽ എത്ര എണ്ണത്തിൽ തുടർ നടപടികൾ സ്വീകരിച്ചു;

(ഇ) എത്ര പരാതികളിൽ കേസ്സെടുത്തു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷന്റെ ലാഭം

1981 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ബിവറേജസ് കോർപ്പറേഷന് മദ്യവിൽപന വഴി ഓരോ വർഷവും ലഭ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷന്റെ ലാഭം എത്ര രൂപ വീതമാണ്;

(സി) ലാഭത്തിന്റെ എത്ര ശതമാനമാണ് മദ്യാസക്തിക്കെതിരെയുള്ള ബോധവൽകരണത്തിനായി ബിവറേജസ് കോർപ്പറേഷൻ ചെലവിടുന്നത്;

(ഡി) പ്രസ്തുത വർഷങ്ങളിൽ എത്ര രൂപ വീതം ബോധവൽകരണത്തിനായി ചെലവിട്ടുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ബിവറേജസ് കോര്‍പ്പറേഷന്റെ മദ്യ വില്പന

1982 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ആര്‍. രാജേഷ്
,, ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യ ഉപഭോഗം വര്‍ദ്ധിച്ചിട്ടും ബിവറേജസ് കോര്‍പ്പറേഷന്റെ വില്പനയില്‍ കുറവ് വന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ വര്‍ഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് ഈ വര്‍ഷം ഇതിനകമുള്ള മദ്യ വില്പനയിലെ കുറവ് എത്ര കെയ്സ് മദ്യത്തിന്റേതാണ്;

(സി) മദ്യത്തിന്റെ വില കൂട്ടിക്കൊടുത്തതും സ്വാഭാവിക വില്പന വര്‍ദ്ധനയും പരിഗണിച്ചുകൊണ്ട് തന്നാണ്ടില്‍ പ്രതീക്ഷിച്ച മദ്യ വില്പന എത്ര കോടിയുടേതായിരുന്നു. അതില്‍ എത്ര കോടി രൂപയുടെ കുറവു വരുമെന്ന് കണക്കാക്കുന്നു;

(ഡി) ബിവറേജസ് കോര്‍പ്പറേഷന്‍ വഴിയുള്ള കഴിഞ്ഞ അഞ്ചു വര്‍ഷത്തെ വരുമാനത്തിന്റെ പ്രവണതയുടെ അടിസ്ഥാനത്തില്‍ തന്നാണ്ടില്‍ എത്ര കോടി അധിക വരുമാനം ലഭിക്കേണ്ടതായിട്ടുണ്ടെന്ന് കണക്കാക്കുന്നു; ഇതിനകം ആനുപാതിക വരുമാന വര്‍ദ്ധന ഉണ്ടായിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ഇ) വ്യാജമദ്യ വര്‍ദ്ധനയാണ് വരുമാന നഷ്ടത്തിനിടയാക്കിയിട്ടുളളതെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വ്യാജവാറ്റും അനധികൃത മദ്യവില്പനയും</u>

1983

ശ്രീ. എം. ചന്ദ്രന്‍
,, പി. റ്റി. എ. റഹീം
,, പുരുഷന്‍ കടലുണ്ടി
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യാജവാറ്റും സെക്കന്റ്സ് എന്ന പേരിലുള്ള അനധികൃത മദ്യവില്പനയും വ്യാപകമായിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) മുന്‍വര്‍ഷത്തെ അപേക്ഷിച്ച് ഈ വര്‍ഷം മദ്യവില്പനയില്‍ കുറവുണ്ടായതിന്റെ കാരണം ഇതു കൂടിയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) വ്യാജവാറ്റും സെക്കന്റ്സ് വില്പനയും അനധികൃത സ്പിരിറ്റ് കടത്തും നിയന്ത്രിക്കാന്‍ ഫലപ്രദമായ നടപടികള്‍ ഇല്ലാത്തത് എന്തുകൊണ്ടാണ്; സര്‍ക്കാര്‍ സംവിധാനങ്ങളുടെ കെടുകാര്യസ്ഥത അവസാനിപ്പിക്കാമോ;

(ഡി) അനധികൃത മദ്യവില്പനയിലൂടെ ടാക്സ് വെട്ടിപ്പ് നടത്തുന്ന ലോബിയും അവര്‍ വളര്‍ത്തിയെടുത്ത ഗുണ്ടാസംഘങ്ങളും എക്സൈസ് അധികൃതരും തമ്മിലുള്ള അവിശുദ്ധ ബന്ധവും ഉണ്ടാക്കുന്ന സാമൂഹ്യപ്രശ്നങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കില്‍ അതിന് തയ്യാറാകുമോ?

**കേരള നിയമസഭ**
**22.01.2014-ലെ മറുപടിക്ക്**

<u>വ്യാജമദ്യ ഒഴുക്ക് തടയുന്നതിന് അന്യസംസ്ഥാന സഹകരണം</u>

1984 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യ ഒഴുക്ക് തടയുന്നതിനും കുറ്റവാളികളെ കൈമാറുന്നതിനും എക്സൈസ് വകുപ്പും അയൽ സംസ്ഥാനങ്ങളിലെ എക്സൈസ് വകുപ്പും തമ്മിൽ എന്തെങ്കിലും ധാരണകളോ കരാറുകളോ നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>താമരശ്ശേരി കാരാടിയിൽ പ്രവർത്തിക്കുന്ന ബാറിന് എതിരായ സമരം</u>

1985 ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽപ്പെട്ട താമരശ്ശേരി കാരാടിയിൽ പ്രവർത്തിക്കുന്ന ബാറിന് എതിരായി നാട്ടുകാരും മദ്യനിരോധന സമിതി പ്രവർത്തകരുംനടത്തിക്കൊണ്ടിരിക്കുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെനിന്ന് ബാർ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

എക്സൈസ് വകുപ്പിൽ ക്രൈം ബ്രാഞ്ച് വിഭാഗം

1986 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ക്രൈം ബ്രാഞ്ച് വിഭാഗം ആരംഭിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) ക്രൈം ബ്രാഞ്ച് വിഭാഗം രൂപീകരിക്കുമ്പോൾ അതിന്റെ ഘടന സംബന്ധിച്ച വിവരം അറിയിക്കുമോ; ഇതിന്റെ ഭാഗമായി ഏതെല്ലാം തസ്തികകൾ പുതിയതായി രൂപീകരിക്കുമെന്നറിയിക്കാമോ?

**കേരള നിയമസഭ**
**22.01.2014–ലെ മറുപടിക്ക്**

<u>കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ബോർഡ്</u>

1987 ശ്രീ.റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ അംഗത്വപരിധിയിൽ നീരകർഷകരെ കൂടി ഉൾപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ:

(ബി) എങ്കിൽ കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ പേര് മാറ്റുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരിയിലെ എക്സൈസ് കെട്ടിടനിർമ്മാണം</u>

1988 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിൽ എക്സൈസ് സബ് ഇൻസ്പെക്ടർ ഓഫീസ് കെട്ടിടം പണിയുന്നതിന് സർക്കാർ ഭൂമി അനുവദിക്കുന്നതിനായി സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

വൈപ്പിൻ നിയോജകമണ്ഡലത്തിലെ അനധികൃത മദ്യ മയക്കു മരുന്നു വിൽപ്പനയും ഉപയോഗവും

1989 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2013 ജനുവരി മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ അനധികൃത മദ്യ-മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; കേസ്സുകൾ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് നൽകാമോ; മൊത്തം കേസ്സുകളിൽ പോലീസ് വകുപ്പുമായി സഹകരിച്ച് നടപടി സ്വീകരിച്ച എത്ര കേസ്സുകളുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

അഴീക്കല്‍ പോര്‍ട്ടിലെ മാനുവല്‍ ഡ്രഡ്ജിംഗ്

1990 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം തുറമുഖവകുപ്പിന്റെ കീഴില്‍ 2013 മെയ് മാസം വരെ എത്ര സ്ഥലങ്ങളില്‍ മണലിന്റെ മാനുവല്‍ ഡ്രഡ്ജിംഗ് നടന്നിരുന്നു; ഇപ്പോള്‍ എത്ര സ്ഥലത്ത് നടന്നുവരുന്നു; ഡ്രഡ്ജിംഗ് നടക്കുന്നില്ലെങ്കില്‍ പൂര്‍ണ്ണമായി നിലച്ചിട്ട് എത്ര കാലമായി;

(ബി) 123 വ്യക്തിഗത പെര്‍മിറ്റുകാര്‍ മണല്‍വ്യാപാരം നടത്തിയിരുന്ന 2004-05-ല്‍ ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട ഫീസിനത്തില്‍ അഴീക്കല്‍ പോര്‍ട്ടിന് ലഭിച്ച ആകെ വരുമാനം എത്ര;

(സി) അഴീക്കല്‍ പോര്‍ട്ടിലെ മാനുവല്‍ ഡ്രഡ്ജിംഗില്‍നിന്ന് സഹകരണസംഘങ്ങളെ ഒഴിവാക്കി, ഡ്രഡ്ജിംഗ് കിറ്റ്കോയെ ഏല്‍പിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കില്‍ കാരണം വ്യക്തമാക്കാമോ; ഡ്രഡ്ജിംഗ് ഫീസ് എത്രയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

വിഴിഞ്ഞം തുറമുഖ പദ്ധതി

1991 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖപദ്ധതിയുടെ ടെണ്ടറിൽ അപാകത യുണ്ടെന്ന പരാതിയുണ്ടായിട്ടുണ്ടോ ; ഉന്നയിക്കപ്പെട്ട പരാതി എന്താണെന്ന് വിശദമാക്കാമോ ; പരാതി ഉന്നയിച്ചിരിക്കുന്നത് ആരാണ് ; പരാതിയെത്തുടർന്ന് ടെണ്ടർ പരിഷ്ക്കരിച്ചിട്ടുണ്ടോ ; പരിഷ്ക്കരണം ഏതെല്ലാം നിലയിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) നടത്തിപ്പിലെ പങ്കാളികളെ ക്ഷണിക്കുന്നതിനുള്ള ടെണ്ടറിൽ, പദ്ധതി തുക കണക്കാക്കിയിരിക്കുന്നത് എത്ര കോടിയാണ് ; ഇത് കുറച്ചിട്ടുണ്ടോ ; പദ്ധതിയുടെ മൊത്തം അടങ്കൽ എത്ര കോടിയാണ് ; ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ പദ്ധതി തുക സമാഹരിക്കാനാണുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മറൈൻ ആംബുലൻസ്</u>

1992 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കടലിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനായി മറൈൻ ആംബുലൻസ് അനുവദിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം ഏതെല്ലാം പ്രദേശങ്ങളിൽ മറൈൻ ആംബുലൻസ് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>മറൈൻ ആംബുലൻസ് പദ്ധതി</u>

1993 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013–14 ലെ ബജറ്റിൽ മറൈൻ ആംബുലൻസ് പദ്ധതിക്കായി എത്ര തുക വകകൊള്ളിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര ആംബുലൻസ് വാങ്ങിയെന്നും ഇവ എവിടെയൊക്കെ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ആലപ്പുഴ തുറമുഖ പുനർനിർമ്മാണം</u>

1994 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ തുറമുഖ പുനർനിർമ്മാണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിനായി എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) തുറമുഖ വകുപ്പിന് ആലപ്പുഴ തുറമുഖത്ത് എത്ര സ്ഥാപനങ്ങളാണുള്ളത്; അവ ഏതെല്ലാമാണ്;

(സി) പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തെങ്കിലും നടന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണ്;

(ഡി) തുറമുഖ വകുപ്പിന്റെ ഏതെങ്കിലും കെട്ടിടങ്ങളിൽ മറ്റേതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതു സ്ഥാപനം; എന്തു കരാറിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ഇ) തുറമുഖത്തിനോട് ചേർന്ന് വകുപ്പിന്റെ ഏതെങ്കിലും കെട്ടിടങ്ങൾ പ്രവർത്തനരഹിതമായി കിടപ്പുണ്ടോ; അവ ഏതെല്ലാമാണ്; എന്തു പർപ്പസിനുള്ളതാണെന്ന് അറിയിക്കുമോ;

(എഫ്) ഹാർബർ എൻജിനിയറിംഗ് വകുപ്പിന്റെ നിർദ്ദേശപ്രകാരം എത്ര റോഡുകൾ നിർമ്മിച്ചു; അവ ഏതെല്ലാമാണ്?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

കൊല്ലം പോർട്ടിൽ പാസഞ്ചർ–കം–കണ്ടെയിനർ ടെർമിനൽ നിർമ്മാണം

1995 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം പോർട്ടിൽ പാസഞ്ചർ–കം–കണ്ടെയിനർ ടെർമിനൽ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുമെന്നറിയിക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പുതിയങ്ങാടി ഫിഷിംഗ് ഹാർബർ</u>

1996 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; എന്തൊക്കെ നടപടികളാണ് പ്രസ്തുത നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) എത്ര രൂപ ഇതുവരെ ചെലവഴിച്ചു;

(സി) നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം</u>

1997 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ ഏതെല്ലാമെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>അജാനൂരിൽ മത്സ്യബന്ധന തുറമുഖം</u>

1998

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള സർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് സർവ്വേ പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ;

(ബി) എത്ര രൂപ സർവ്വേക്ക് ചെലവു വരുമെന്നും ഇതുവരെ എത്ര രൂപ ചെലവായി എന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മത്സ്യബന്ധനവും തുറമുഖവും വകുപ്പുകൾ ഭരണാനുമതി നൽകിയ കോഴിക്കോട് ജില്ലയിലെ പദ്ധതികൾ</u>

1999 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 ബഡ്ജറ്റിൽ ഫിഷറീസ്-തുറമുഖ വകുപ്പുകളിൽ ഭരണാനുമതി നൽകി കോഴിക്കോട് ജില്ലയിൽ നടപ്പാക്കാനുദ്ദേശിച്ച പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും ബഡ്ജറ്റ് വിഹിതം എത്ര; വിശദമായി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു; ഏതെല്ലാം പൂർത്തിയായി; ഏതെല്ലാം നടപടികൾ തുടരുന്നു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

2000 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം എന്നും ഓരോ പദ്ധതിക്കും നീക്കിവെച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>അരൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ</u>

2001 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം അരൂർ മണ്ഡലത്തിൽ ഹാർബർ എൻജിനിയറിംഗ് വകുപ്പ് മുഖേന എന്തൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഓരോ പ്രവൃത്തിയുടേയും തുക എത്രയാണ്; ഈ പ്രവൃത്തികൾ ഓരോന്നും ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

വക്കം ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡു വികസന പദ്ധതി

2002 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ തീരദേശ റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14-ൽ വക്കം ഗ്രാമ പഞ്ചായത്തിൽ ഏതെല്ലാം റോഡുകളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) ഓരോ റോഡുകൾക്കും എന്ത് തുകയുടെ എസ്റ്റിമേറ്റാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മലപ്പുറം ജില്ലയിലെ റോഡുകൾ

2003 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഫിഷറീസ്/ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ 2011 ഏപ്രിൽ ഒന്നു മുതൽ നാളിതുവരെ അനുവദിച്ച റോഡുകളുടെ പേരും അവയുടെ തദ്ദേശസ്ഥാപനങ്ങളുടെ പേരും/മണ്ഡലങ്ങളും അനുവദിച്ച തുകയും അറിയിക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ പൊന്നാനി മണ്ഡലത്തിലേക്ക് അനുവദിച്ച തുകയും റോഡുകളുടെ എണ്ണവും അറിയിക്കാമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ റോഡുകൾ</u>

2004 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയെന്ന് റോഡുകളുടെ പേര് ഉൾപ്പെടെ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളിൽ ഏതൊക്കെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും, ശേഷിക്കുന്ന റോഡുകളുടെ നിർമ്മാണ പുരോഗതിയും അറിയിക്കുമോ;

(സി) ശേഷിക്കുന്ന റോഡ് നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>ടി.ആർ.പി യിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം</u>

2005 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൊഴിക്കര-ലക്ഷ്മീപുരം തോപ്പ് റോഡ് നിർമ്മാണം ടി.ആർ.പി യിൽ ഉൾപ്പെടുത്തി ആരംഭിച്ചുവെങ്കിലും പൂർത്തീകരിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണവും വിശദാംശവും ലഭ്യമാക്കുമോ;

(ബി) എത്ര കോടി രൂപയ്ക്കാണ് പ്രസ്തുത റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നത്; എത്രത്തോളം ജോലികൾ പൂർത്തീകരിച്ചു; ശേഷിക്കുന്ന ജോലികൾ എന്തൊക്കെയാണ്; പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തു തുക വിനിയോഗിച്ചു; വ്യക്തമാക്കുമോ;

(സി) നിർമ്മാണജോലികൾ പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ പ്രസ്തുത റോഡിലൂടെയുള്ള ഗതാഗതം സാധ്യമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രശ്നപരിഹാരത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ റോഡുകൾ</u>

2006 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോഴിക്കോട് ജില്ലയിൽ എത്ര റോഡുകൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾ ഏതൊക്കെയെന്നും അവയ്ക്ക് അനുവദിച്ച തുകയെത്രയെന്നും ഓരോ റോഡിന്റെയും പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ഓലക്കാൽ കടവ് പാലത്തിന്റെ നിർമ്മാണം

2007 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാടിനെയും രാമന്തളി പഞ്ചായത്തിലെ ഓലക്കാലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഓലക്കാൽകടവിന്, നബാർഡിന്റെ സ്കീമിൽ ഉൾപ്പെടുത്തി പാലം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് മത്സ്യബന്ധനവും തുറമുഖവും വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 22.01.2014–ലെ മറുപടിക്ക്

## കായിക്കര പാലം നിർമ്മാണം

2008 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വക്കം ഗ്രാമപഞ്ചായത്തിനെയും അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള മത്സ്യബന്ധന തുറമുഖവകുപ്പിലെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) തീരദേശറോഡുനവീകരണപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഈ വർഷം വക്കം ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം റോഡുകൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ നവീകരണം</u>

2009 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മണൽ നീക്കം ചെയ്യുന്നത് യഥാസമയം പൂർത്തിയാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇവിടെ നിന്ന് നീക്കം ചെയ്യുന്ന മണൽ എവിടെയാണ് നിക്ഷേപിക്കുന്നത്;

(ഡി) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ പുനരുദ്ധരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>മാതൃകാ മത്സ്യഗ്രാമ പദ്ധതി– രണ്ടാം ഘട്ടം</u>

2010 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം
,, കെ. മുരളീധരൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ മത്സ്യഗ്രാമ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എത്ര കോടി രൂപയാണ് ഇത് വഴി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കടാശ്വാസ കമ്മീഷൻ - വായ്പ എഴുതിത്തള്ളൽ</u>

2011 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ കമ്മീഷൻ വഴി കടാശ്വാസം പൂർണ്ണമായും നൽകുന്നതിന് കഴിഞ്ഞോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) കടാശ്വാസ കമ്മീഷൻ വഴി വായ്പകുടിശ്ശിക എഴുതിത്തള്ളൽ വേഗത്തിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>അക്വാകൾച്ചർ നയം</u>

2012 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്വാകൾച്ചർ നയം രൂപീകരിക്കുന്നതിനുവേണ്ടി നിശ്ചയിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ, പരിശോധിച്ച് അക്വാകൾച്ചർ നയം പ്രഖ്യാപിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>'മത്സ്യസമൃദ്ധി' പദ്ധതി</u>

2013 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള 'മത്സ്യസമൃദ്ധി' പദ്ധതി ആലപ്പുഴ ജില്ലയിലെ ഏതെല്ലാം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ജില്ലയ്ക്ക് അനുവദിച്ചിരുന്ന ഒരു കോടി പത്ത് ലക്ഷം രൂപയിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>മാതൃകാ മത്സ്യഗ്രാമങ്ങൾ</u>

2014 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013–14 സാമ്പത്തിക വർഷത്തിൽ എത്ര ഗ്രാമങ്ങളെ മാതൃകാ മത്സ്യ ഗ്രാമങ്ങളായി വികസിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേയ്ക്കായി വകയിരുത്തിയിരുന്ന തുക എത്ര; ഇതുവരെ ചെലവഴിച്ച തുക എത്ര; വ്യക്തമാക്കാമോ;

(സി) ഈ തുക ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>മാതൃകാ മത്സ്യ കൃഷിയിടങ്ങൾ</u>

2015 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ മാതൃകാ മത്സ്യ കൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനായി വകയിരുത്തിയിരുന്ന തുകയിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്കായി 2013-14 സാമ്പത്തിക വർഷത്തിൽ എത്ര മത്സ്യ കർഷകർ അപേക്ഷ സമർപ്പിച്ചിരുന്നു; വ്യക്തമാക്കുമോ;

(സി) ഇതിൽ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവരെത്ര; അവരിൽ പൂർണ്ണ ധനസഹായം ലഭിച്ചവരെത്ര; ധനസഹായം ലഭിക്കാത്തവരെത്ര: വ്യക്തമാക്കുമോ;

(ഡി) പദ്ധതിപ്രകാരം സംസ്ഥാനത്ത് ഇപ്പോൾ എത്ര മാതൃകാ മത്സ്യ കൃഷിയിടങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>മത്സ്യസംസ്കരണ യൂണിറ്റുകൾ</u>

2016 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശവികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഏതെല്ലാം തീരദേശജില്ലകളിൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധന നടത്തുന്നതിന് പ്രോസസിംഗ് യൂണിറ്റുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) 2013–14 ലെ ബജറ്റിൽ പ്രസ്തുത ആവശ്യത്തിലേക്കായി എത്ര തുക വകകൊള്ളിച്ചുവെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; എന്തെല്ലാം പരിപാടികൾക്കാണ് ഈ തുക ചെലവാക്കിയതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>മത്സ്യമേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വായ്പ അനുവദിക്കുന്നതിലെ ക്രമക്കേട്</u>

2017 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, മത്സ്യമേഖലയിലെ പ്രാഥമികസഹകരണസംഘങ്ങൾക്ക് മത്സ്യഫെഡ് വഴി വായ്പ അനുവദിക്കുന്നതിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് മത്സ്യഫെഡിന്റെ ഫിനാൻസ് ഡിവിഷനും പ്രോജക്ട് ഡിവിഷനും വിവിധ ഓഫീസുകളിൽ പരിശോധന നടത്തുകയുണ്ടായോ;

(ബി) ഏതെല്ലാം ഓഫീസുകളിലാണ് പരിശോധന നടത്തിയത്; പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

നിരോധിതവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം

2018 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരോധിതവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം തീരങ്ങളിൽ ധാരാളമായി നടക്കുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രീതിയിൽ മത്സ്യബന്ധനം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ, വ്യക്തമാക്കുമോ;

(സി) ഇത്തരം നിരോധിതമാർഗ്ഗങ്ങളിലൂടെയുള്ള മത്സ്യബന്ധനം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മത്സ്യതൊഴിലാളികൾക്ക് സ്വയംതൊഴിൽ വായ്പ</u>

2019 ഡോ. കെ. ടി ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആധികാരമേറ്റശേഷം മത്സ്യത്തൊഴിലാളികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മത്സ്യഫെഡ്ഡ് വഴി നൽകുന്ന വായ്പാ പദ്ധതിയിലേയ്ക്ക് എത്ര തൊഴിലാളികൾ അപേക്ഷ സമർപ്പിച്ചിരുന്നു; വ്യക്തമാക്കാമോ;

(ബി) പൂർണ്ണമായി ധനസഹായം ലഭ്യമായവരെത്ര; ഭാഗികമായി ധനസഹായം ലഭ്യമായവരെത്ര; ധനസഹായം ലഭിക്കാത്തവരെത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

### ഹൈഡ്രോ ഫോയിൽ പദ്ധതി

2020 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈഡ്രോ ഫോയിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പദ്ധതിയെ സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുമായി ചർച്ച നടത്തുകയോ അവരുടെ ആശങ്ക പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ, ഇവയൊന്നും നടത്താതെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ഐക്യരാഷ്ട്രസഭയുടെ മത്സ്യബന്ധനപെരുമാറ്റച്ചട്ടവും മത്സ്യസമ്പത്തിന്റെ സംരക്ഷണവും</u>

2021 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് ഐക്യരാഷ്ട്രസംഘടനയുടെ 1995–ലെ പെരുമാറ്റച്ചട്ടം സംസ്ഥാനത്തെ കടലതിർത്തികളിൽ പാലിക്കപ്പെടുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ, ഇതിൽ ഏതെല്ലാം ഘടകങ്ങൾ ലംഘിക്കപ്പെടുന്നു; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കേരളത്തിന്റെ കടൽമേഖലകളിൽ നിരോധിക്കപ്പെട്ട മത്സ്യബന്ധനോപാധി കളിലൂടെയുള്ള കടൽകോരലും, അന്യസംസ്ഥാനങ്ങളിൽനിന്നുള്ള മത്സ്യബന്ധന ബോട്ടുകളുടെ തള്ളിക്കയറ്റവും, മത്സ്യസമ്പത്തിന്റെ കൊള്ളയടിക്കലും മൂലം പരമ്പരാഗതമത്സ്യത്തൊഴിലാളികൾക്കു മത്സ്യസമ്പത്ത് ലഭിക്കാത്ത സ്ഥിതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ, ഐക്യരാഷ്ട്രസഭയുടെ പെരുമാറ്റച്ചട്ടലംഘകരെ നിയന്ത്രിക്കാൻ മറ്റു സംസ്ഥാനസർക്കാരുകൾ സ്വീകരിക്കുന്നതുപോലെ എന്തൊക്കെ നിയന്ത്രണ നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(ഇ) വൻകിട/അന്യസംസ്ഥാന/വിദേശ മത്സ്യചൂഷണം മൂലം കേരളാ തിർത്തിയിലെ മത്സ്യസമ്പത്തിന്റെ കുറവും മത്സ്യങ്ങളുടെ വംശനാ ശവും സംബന്ധിച്ച കഴിഞ്ഞ മൂന്നുവർഷത്തെ സർക്കാർ കണക്ക് മത്സ്യങ്ങളുടെ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(എഫ്) മത്സ്യബന്ധനത്തിനുപയോഗിക്കുന്ന പരമ്പരാഗതയാനങ്ങൾ, ഇൻബോർഡ് വള്ളങ്ങൾ, ഔട്ട്ബോർഡ് വള്ളങ്ങൾ, മറ്റ് അത്യാധുനികബോട്ടുകൾ എന്നീ ഇനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടവ എത്ര; രജിസ്റ്റർ ചെയ്യപ്പെടാത്തവ എത്ര; വ്യക്തമാക്കുമോ;

(ജി) സർക്കാർ അംഗീകാരം നൽകിയിട്ടുള്ള എത്ര വിദേശമത്സ്യബന്ധനബോട്ടുകൾ സംസ്ഥാനത്തു മത്സ്യബന്ധനം നടത്തുന്നു; അംഗീകാരം ലഭിക്കാതെ എത്രയെണ്ണം മത്സ്യബന്ധനം

നടത്തുന്നു; വ്യക്തമാക്കുമോ;

(എച്ച്) സംസ്ഥാനത്തു മത്സ്യബന്ധനം നടത്താൻ ഏതെല്ലാം സംസ്ഥാനങ്ങളിലെ ട്രോളറുകൾ വരുന്നുണ്ട്;

(ഐ) തമിഴ്നാട്ടിൽ മറ്റു സംസ്ഥാനങ്ങളിലെ ബോട്ടുകളെ മത്സ്യബന്ധനം നടത്താൻ അനുവദിക്കാത്തതുപോലെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാനും, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനും എന്തു നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>സുനാമി പുനരധിവാസ പദ്ധതികളുടെ പൂർത്തീകരണം</u>

2022 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒൻപത് വർഷമായിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേന്ദ്രഫണ്ട് ഉൾപ്പെടെ ഇതിനായി എന്ത് തുക നീക്കിവച്ചു; ആ തുക ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഏതെങ്കിലും സന്നദ്ധ സംഘടനകളുമായി യോജിച്ച് പ്രവർത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ പദ്ധതിക്കായി അനുവദിച്ച തുകയിൽ ഇനി എന്ത് തുക ബാക്കിയുണ്ട്; അത് ഉപയോഗിച്ച് സുനാമി ബാധിത മേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവന നിർമ്മാണ പദ്ധതികൾ</u>

2023 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മത്സ്യതൊഴിലാളികൾക്കായി നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയും ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളികളുടെ എണ്ണവും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിൽ നിന്നുള്ള ധനസഹായം</u>

2024 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിൽ നിന്ന് ഗ്രാമീണ മത്സ്യബന്ധന മേഖലക്ക് ധനസഹായം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2011–12 മുതൽ നടപ്പു സാമ്പത്തിക വർഷം വരെ അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(സി) അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; കാരണം വ്യക്തമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനം ഏതെങ്കിലും പുതിയ പദ്ധതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മുതലപ്പൊഴിയിൽ മത്സ്യബന്ധന ബോട്ട് തകർന്നതിനെ തുടർന്നാവശ്യപ്പെട്ട ധനസഹായം</u>

2025 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയാകാത്ത മുതലപ്പൊഴി തുറമുഖത്തിനടുത്തുള്ള താഴമ്പള്ളി, പൂന്തുറ, പെരുമാതുറ, പുതുക്കുറിച്ചി പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്നതിന് ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടുവരവെ മുതലപ്പൊഴിയിലെ പുലിമുട്ടിൽ ഇടിച്ച് മത്സ്യബന്ധന ബോട്ട് തകർന്നുപോയതിനാൽ ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. അബ്ബാസ്, ആറ്ററികത്ത് വീട്, ചാന്നാങ്കര, ശ്രീ. സുലൈമാൻ, സൈനബ മൻസിൽ, ശ്രീ. ടെറൻസ്, പുതുവൽ വീട്, താഴമ്പള്ളി എന്നിവർ 09-12-2011ൽ ചിറയിൻകീഴ് എം.എൽ.എ. യുടെ ആമുഖകത്ത് സഹിതം നൽകിയ അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിക്കാൻ കാലതാമസം നേരിട്ടതിനുള്ള കാരണം വിശദീകരിക്കുമോ; ധനസഹായം എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ ആത്മഹത്യ</u>

2026 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മത്സ്യത്തൊഴിലാളികൾ കടബാധ്യതയെ തുടർന്ന് ആത്മഹത്യ ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് എതിരെ ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ജപ്തി നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് എത്ര തൊഴിലാളികൾ ആത്മഹത്യ ചെയ്തുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവര്‍ത്തനം</u>

2027 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്‍ എത്ര അപേക്ഷകളിന്‍മേല്‍ തീര്‍പ്പ് കല്‍പ്പിച്ചു എന്ന് വര്‍ഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ വര്‍ഷവും ലഭിച്ച അപേക്ഷകളിന്‍മേല്‍ തീര്‍പ്പ് കല്‍പ്പിക്കാത്ത എത്ര അപേക്ഷകളാണുള്ളത്;

(സി) അപേക്ഷകള്‍ തീര്‍പ്പാക്കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസം ലഭിക്കുന്നതിന് ശ്രീ. ടി. പി. മുരളിയുടെ അപേക്ഷ</u>

2028 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനില്‍ കടാശ്വാസം ലഭിക്കുന്നതിനായി ടി. പി. മുരളി, s/o. ശിശുപാലന്‍-തുമ്പിരുമ്പ് പറമ്പ്, വെസ്റ്റ്ഹില്‍, കോഴിക്കോട് -എന്ന വ്യക്തി സമര്‍പ്പിച്ച അപേക്ഷ (703/666) പ്രകാരം, കടാശ്വാസത്തിന് അര്‍ഹനായിട്ടും ഇതുവരെ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ആനുകൂല്യം സമയബന്ധിതമായി നല്‍കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഇദ്ദേഹത്തിന് ആനുകൂല്യം നല്‍കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ വിശദാംശങ്ങള്‍ ഫയല്‍ നമ്പറുകളും തീയതികളും സഹിതം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കല്ലുമ്മക്കായ കൃഷി - കാസർഗോഡ് ജില്ല</u>

2029

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്വയംസഹായ സംഘങ്ങളും കുടുംബിനികളും ഉൾപ്പെടെ എത്ര പേർ ഈ വർഷം കല്ലുമ്മക്കായ കൃഷി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കർഷകർക്ക് കൃഷി ആരംഭിക്കുന്നതിന് എന്തെങ്കിലും സാമ്പത്തിക സഹായം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വെങ്കിടങ്ങ് മത്സ്യഗ്രാമം</u>

2030 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിനെ മത്സ്യഗ്രാമം പദ്ധതി പ്രകാരം വിവിധ വികസന പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വെങ്കിടങ്ങ് മത്സ്യഗ്രാമത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി എന്ത് തുക വേണ്ടിവരുമെന്നും അറിയിക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>മത്സ്യ വിപണന തൊഴിലാളികളുടെ സ്ഥിതിവിവരക്കണക്ക്</u>

2031 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ വിപണന രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളെ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് മാത്രമായി നിലവിൽ ഏതെങ്കിലും ക്ഷേമനിധി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ/സാമ്പത്തിക സഹായങ്ങൾ, വായ്പകൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

(ഡി) ഇത്തരം തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

സർക്കാർ തലത്തിൽ മത്സ്യ റീട്ടെയിൽ വിപണന കേന്ദ്രങ്ങൾ

2032

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യാപകമായി സർക്കാർ തലത്തിൽ മത്സ്യ റീട്ടെയിൽ വിപണന കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ മത്സ്യവില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് ഈ സർക്കാർ ഏതെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ;

(സി) ഇല്ലായെങ്കിൽ അത്തരം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർതല റീട്ടെയിൽ മത്സ്യവിപണന കേന്ദ്രങ്ങൾ വ്യാപകമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കായംകുളം വത്തിയൂർ മത്സ്യച്ചന്തയുടെ നവീകരണം</u>

2033 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വത്തിയൂർ ഗ്രാമപഞ്ചായത്തിലെ മത്സ്യച്ചന്ത അനാരോഗ്യകരമായ അവസ്ഥയിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മത്സ്യച്ചന്ത പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അഡാക്കിന് അനുവദിച്ച തുക

2034 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പതിമൂന്നാം ധനകാര്യ കമ്മീഷനിലൂടെ അഡാക്കിന് അനുവദിച്ചിരുന്ന 19.70 കോടി രൂപയുടെ പദ്ധതിയിൽ ഏതൊക്കെ പദ്ധതികൾ എവിടെയൊക്കെ നടപ്പിലാക്കിയെന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പാടശേഖര/മത്സ്യ, ആറ്റുകൊഞ്ച് കൃഷി, കൃത്രിമ വളപ്പുകളിലെ മത്സ്യ കൃഷി, കുട്ടനാടൻ കായലുകളിലെ കൂടുകളുടെ മത്സ്യ കൃഷി എന്നിവയുടെ ഗുണഭോക്താക്കളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പതിമൂന്നാം ധനകാര്യ കമ്മീഷൻ പ്രകാരം ഫിർമയ്ക്ക് അനുവദിച്ചിരിക്കുന്ന രണ്ട് മത്സ്യസങ്കേതങ്ങൾ കുട്ടനാട്ടിൽ സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

അഡാക്കിന്റെ റീജിയണൽ ഓഫീസ് പുന:സ്ഥാപിക്കുന്നതിന് നടപടി

2035 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ തലശ്ശേരി എരിഞ്ഞോളിയിൽ പ്രവർത്തിച്ചിരുന്ന അഡാക്കിന്റെ റീജിയണൽ ഓഫീസ് പുന:സ്ഥാപിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രമോഷൻ സൊസൈറ്റി</u>

T.2036 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രമോഷൻ സൊസൈറ്റി ഏത് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്ന് വിശദമാക്കാമോ;

(ബി) എയർപോർട്ട് കമ്പനി ലിമിറ്റഡും പ്രമോഷൻ സൊസൈറ്റിയും തമ്മിലുള്ള ബന്ധം വിശദമാക്കാമോ; സൊസൈറ്റിയുടെ ആതറൈസ്ഡ് ഷെയർ ക്യാപിറ്റൽ എത്രയാണ്; പെയ്ഡ് അപ് ഷെയർ ക്യാപിറ്റൽ എത്ര; എയർപോർട്ട് കമ്പനി ലിമിറ്റഡിൽ പ്രൊമോഷൻ സൊസൈറ്റിയ്ക്ക് എത്ര കോടി രൂപയുടെ ഷെയർ ഉണ്ട്;

(സി) പ്രമോഷൻ സൊസൈറ്റിയുടെ ഭാരവാഹികൾ ആരൊക്കെ; സൊസൈറ്റിയുടെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണത്തിന് ആവശ്യമായ ഫണ്ട്</u>

2037 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഇന്റൻനാഷണൽ എയർപോർട്ട് നിർമ്മാണത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് രൂപീകരിച്ച സൊസൈറ്റി ഏതാണ് ; എന്നാണ് സൊസൈറ്റി രൂപീകരിച്ചത് ;

(ബി) പ്രസ്തുത സൊസൈറ്റിയുടെ ഗവേണിംഗ് കൗൺസിലിൽ എത്ര പേരുണ്ട് ; ആരെല്ലാമാണ് ;

(സി) പ്രസ്തുത സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എത്ര പേരുണ്ട് ; ആരെല്ലാമാണ് ;

(ഡി) സൊസൈറ്റി രൂപീകരണത്തിനുശേഷം എത്ര ഗവേണിംഗ് കൗൺസിലുകൾ വിളിച്ചുചേർക്കുകയുണ്ടായി ;

(ഇ) സൊസൈറ്റി രൂപീകരണത്തിനുശേഷം എത്ര എക്സിക്യൂട്ടീവ് കമ്മിറ്റികൾ വിളിച്ചു ചേർക്കുകയുണ്ടായി ;

(എഫ്) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണത്തിൻമേൽ പ്രസ്തുത സൊസൈറ്റി ഇതിനോടകം എത്ര ഫണ്ട് സ്വരൂപീച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ജി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും എത്ര തുക വീതം സ്വരൂപീച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവള നിർമ്മാണം</u>

2038 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട എന്തെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് ഇതിനോടകം അംഗീകാരം ലഭിച്ചിട്ടുണ്ട്;

(ബി) അംഗീകാരം ലഭിച്ച ഓരോ നിർമ്മാണ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ഓരോ പ്രവൃത്തിക്കും ആവശ്യമായ തുക സ്വരൂപിക്കുവാൻ ഇതിനോടകം കെ.ഐ.എ.എൽ-നു കഴിഞ്ഞിട്ടുണ്ടോയെന്നും ഫണ്ട് സ്വരൂപണം ഏതെല്ലാം ഏജൻസികളിൽ നിന്നുമാണെന്നും ഓരോ ഏജൻസിയും എത്ര തുക ലഭ്യമാക്കിയെന്നും വിശദീകരിക്കുമോ;

(ഡി) ഓരോ പ്രവൃത്തിയും ഏറ്റെടുത്തത് ഏത് ഏജൻസിയാണ്;

(ഇ) ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള സമയക്രമം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

വിമാനത്താവളങ്ങളുടെ ആവശ്യകത

2039 ശ്രീ. എം. എ. ബേബി
,, രാജു എബ്രഹാം
,, സി. കെ. സദാശിവന്‍
,, ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂവിസ്തൃതിയും ജനസംഖ്യയും ജല-റോഡ്-റെയില്‍ ഗതാഗത സംവിധാനങ്ങളുടെ സാദ്ധ്യതയും പരിഗണിച്ച് സംസ്ഥാനത്ത് ഇനിയും വിമാനത്താവളങ്ങള്‍ ആവശ്യമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നല്‍കുമോ;

(ബി) എങ്കില്‍ നിലവിലുളളവയ്ക്ക് പുറമേ, ഏതെല്ലാം പ്രദേശങ്ങളില്‍ ഇതിനായി എത്ര ഏക്കര്‍ ഭൂമി വീതം അക്വയര്‍ ചെയ്യാനുദ്ദേശിക്കുന്നു;

(സി) നിലവിലുളള എയര്‍പോര്‍ട്ടുകള്‍ വികസിപ്പിക്കുന്നതിനും മുന്‍സര്‍ക്കാരിന്റെ കാലത്ത് ആരംഭിച്ച കണ്ണൂര്‍ എയര്‍പോര്‍ട്ടിന്റെ നിര്‍മ്മാണം പൂര്‍ത്തീകരിക്കുന്നതിനും തയ്യാറാകുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മാരിടൈം സർവ്വകലാശാല</u>

2040 ശ്രീ. എം.എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാരിടൈം സർവ്വകലാശാല സ്ഥാപിക്കാൻ എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) മാരിടൈം മേഖല വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളത്തിനായി ഭൂമി ഏറ്റെടുക്കൽ</u>

2041 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിനായി മൂന്നാം ഘട്ട ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നാണ്;

(ബി) പ്രസ്തുത വിജ്ഞാപനത്തിന്റെ കാലപരിധി എന്നുവരെയാണ്;

(സി) വിജ്ഞാപനത്തിന്റെ കാലപരിധി അവസാനിച്ചുവെങ്കിൽ പുനർവിജ്ഞാപനം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവോ;

(ഡി) എങ്കിൽ പുതിയ വിജ്ഞാപനം എന്നു പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) പുതിയ വിജ്ഞാപനപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ</u>

2042

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി ഏറ്റെടുക്കുവാനായി വിജ്ഞാപനം ചെയ്ത ഭൂമി കൂടാതെ ഇനിയും ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ വില്ലേജുകളിലെ ഏതെല്ലാം സർവ്വേ നമ്പരുകളിൽപ്പെടുന്ന ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിസ്തൃതി എത്രയാണ്;

(ഡി) ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി വിമാനത്താവളവുമായി ബന്ധപ്പെട്ട ഏത് ആവശ്യം നിറവേറ്റുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കണ്ണൂര്‍ ഇന്റര്‍നാഷണല്‍ എയര്‍പോര്‍ട്ട് കമ്പനിയിലെ നിയമനങ്ങള്‍</u>

2043 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ഇന്റര്‍നാഷണല്‍ എയര്‍പോര്‍ട്ട് കമ്പനിയില്‍ ഏതെല്ലാം തസ്തികകളില്‍ എത്ര പേര്‍ വീതം ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ പുതുതായി സൃഷ്ടിച്ച് നിയമനം നടത്തിയ തസ്തികകള്‍ ഏതൊക്കെയായിരുന്നു; ദിവസക്കൂലി അടിസ്ഥാനത്തിലോ, കരാര്‍ അടിസ്ഥാനത്തിലോ നിയമിക്കപ്പെട്ടവര്‍ എത്ര; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകള്‍ വഴിയാണോ താത്കാലിക നിയമനങ്ങള്‍ നടത്തിയിരിക്കുന്നത്; അല്ലെങ്കില്‍ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് എം. ഡി. നിയമനം</u>

T.2044 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പദ്ധതിയുടെ മാനേജിംഗ് ഡയറക്ടറായി ശ്രീ. ജി. ചന്ദ്രമൗലി എന്നയാളെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ചീഫ് സെക്രട്ടറി തയ്യാറാക്കിയ പാനലിൽ ആരൊക്കെ ഉണ്ടായിരുന്നു; ഇതിൽ ശ്രീ. ജി. ചന്ദ്രമൗലി ഉണ്ടായിരുന്നുവോ;

(സി) എം. ഡി. നിയമനത്തിനായി ആരുടെ സേവനമാണ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ വിട്ടുനൽകിയിരുന്നത്;

(ഡി) എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തീരുമാനിച്ചതും ചീഫ് സെക്രട്ടറിയുടെ പാനലിൽ ഉൾപ്പെട്ടതും മാനേജിംഗ് ഡയറക്ടറായി നിയമിക്കപ്പെട്ടതുമായ ശ്രീ. ജി. ചന്ദ്രമൗലി ഒരേ ആൾ തന്നെയാണോ; ഇത് സംബന്ധമായി ദിനപത്രങ്ങളിൽ വന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിനായി ഭൂമിയേറ്റെടുക്കൽ</u>

T.2045 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിനായി എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അക്വയർ ചെയ്യാൻ തീരുമാനിച്ച ഭൂമി എത്രയായിരുന്നു; മുൻസർക്കാരിന്റെ കാലയളവിനുള്ളിൽ എയർപോർട്ടിനായി മൊത്തം എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ടായിരുന്നു;

(ബി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി എത്ര ഏക്കർ ഭൂമി അക്വയർ ചെയ്യാൻ തീരുമാനിച്ചു; അപ്രകാരം പുതുതായി അക്വയർ ചെയ്ത ഭൂമി എത്ര?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>തീരദേശ കപ്പൽ ഗതാഗത പദ്ധതി</u>

2046 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിക്കായി എത്ര തുക 2013-2014 ബഡ്ജറ്റിൽ വകയിരുത്തിയെന്ന് വ്യക്തമാക്കാമോ ;

(ബി) വകയിരുത്തിയ തുകയിൽ നാളിതുവരെ എത്ര തുക ചെലവാക്കിയെന്നും എന്തെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കാമോ ;

(സി) തീദേശ കപ്പൽ ഗതാഗത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ?